ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇന്നു നിലവിലുള്ള പഞ്ചായത്ത്‌രാജ് നിയമപ്രകാരം അങ്ങു പറഞ്ഞതുപോലെ ഇതു രണ്ടുമൊഴിച്ചുള്ള റോഡുകളെല്ലാം naturally vested in the Panchayat. ആ നിയമപരമായ സാങ്കേതിക പ്രശ്നം ഉയർന്ന സാഹചര്യത്തിൽ ഇതു ക്ലാരിഫൈ ചെയ്യാൻ വേണ്ടി ഒരു അമൻറുമെൻറ് കൊണ്ടുവന്നുകൂടെ?

ശ്രീ. സി. വി. പത്മരാജൻ: പഞ്ചായത്തുരാജിലെ അമൻറുമെൻറ് കൊണ്ടുവരുന്നതു ജനാധിപത്യ വിരുദ്ധമാകുമോ, അധികാര വികേന്ദ്രീകരണത്തിൽനിന്നു തിരിച്ചുപോകുമോ എന്നുള്ള പ്രശ്നമൊക്കെ നമുക്ക് കൂട്ടായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

മി സ്പീക്കർ: സാങ്കേതികം മാത്രമല്ല, നിരവധി ചർച്ചകൾക്കുശേഷം പഞ്ചായത്തുകൾക്ക് കൊടുത്തത് തിരിച്ച് ഗവൺമെൻറ് ഏറെറടുക്കണമെന്നുപറയുന്ന ആ പ്രവണത നല്ലതാണോ എന്നു ആലോചിക്കണം.

അണ്ടർ വാല്യുവേഷൻ തടയുവാൻ നടപടി

* 3 [90] ശ്രീ. ഇ. രാജേന്ദ്രൻ:
,, വി. വി. രാഘവൻ:
,, കെ. ഇ. ഇസ്മയിൽ:
,, സത്യൻ മൊകേരി:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റത്തിലെ അണ്ടർ വാല്യുവേഷൻ തടയുന്നതിന് ഇപ്പോൾ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇപ്പോഴത്തെ സംവിധാനങ്ങൾ ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അണ്ടർ വ്യാല്യുവേഷൻ നടത്തിയ എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ഡി) 1993-94 മുതൽ ഇത്തരം കേസുകൾ കണ്ടുപിടിക്കുവാൻ കഴിഞ്ഞതിൻെറ ഫലമായി ഓരോ വർഷവും എന്തു തുക ഖജനാവിന് മുതൽ കൂട്ടായിട്ടുണ്ടെന്നതിൻെറ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എ. ടി. പത്മ):

(എ) കേരള മുദ്രപത്രനിയമം 45 (ബി) വകുപ്പുപ്രകാരം സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യുന്ന അണ്ടർ വാല്യുവേഷൻ കേസുകളിൽ ജില്ലാ രജിസ്ട്രാർമാർ അനന്തര നടപടികൾ സ്വീകരിച്ച് കുറവുവന്ന മുദ്രവിലയും ഫീസും ഈടാക്കുന്നു. ജില്ലാ രജിസ്ട്രാർമാർക്ക് സ്വയമായും അണ്ടർ വാല്യുവേഷൻ നിയമപ്രകാരം നടപടികളെടുക്കാവുന്നതാണ്.

(ബി) ഇപ്പോഴത്തെ സംവിധാനം ഫലപ്രദമാണെങ്കിലും അണ്ടർ വാല്യുവേഷൻ കേസുകൾ വർദ്ധിച്ചുവരുന്നു എന്നതും നിയമത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇവ തീർപ്പാക്കാൻ കാലതാമസം നേരിടുന്നു എന്നതും വസ്തുതയാണ്. 1994-ലെ ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്ന നടപടികൾ റവന്യൂ ഡിവിഷൻ അടിസ്ഥാനത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇവ പൂർത്തിയാകുമ്പോൾ അണ്ടർ വാല്യുവേഷൻ പൂർണ്ണമായും തടയാൻ സാധിക്കും.

(സി) 397,422, (29–2–1996 വരെയുള്ള കണക്ക്).

(ഡി) ജില്ല തിരിച്ചുള്ള (29–2–1996 വരെയുള്ളത്) കണക്ക് അനുബന്ധപ്പട്ടികയിൽ ചേർത്തിട്ടുണ്ട്†

ശ്രീ. വി. വി. രാഘവൻ: അണ്ടർ വാല്യുവേഷൻ കാരണം സർക്കാരിന് കിട്ടേണ്ട കോടിക്കണക്കിന് രൂപയാണ് ഇപ്പോൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത്. അണ്ടർവാല്യുവേഷൻ സ്വമേധയാ നടക്കുന്നതല്ല. ബന്ധപ്പെട്ടവർ കണ്ണടക്കുന്നതുകൊണ്ടും അവർക്ക് കൂടി അതിന്റെ പങ്ക് കിട്ടുന്നതുകൊണ്ടുംമാത്രമാണ് ഇത് വ്യാപകമായി നടക്കുന്നത്. കർശന മായ നടപടിയെടുക്കുമെന്ന് ഗവൺമെന്റ് പല ഘട്ടങ്ങളിലും തീരുമാനി ച്ചിട്ടുണ്ട്. 3 ലക്ഷത്തിൽപ്പരം കേസുകൾ കണ്ടുപിടിച്ചിട്ട് അതിൽനിന്ന് എത്ര തുക ഗവൺമെന്റിന് ഈടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെ ടുത്താമോ?

ശ്രീമതി എം. ടി. പത്മ: 1991–92-ൽ 54,721 കേസുകൾ പിടിച്ചതിൽ 10,556 കേസുകൾ തീർപ്പാക്കി. അതിൽനിന്ന് 77·6 ലക്ഷം രൂപ കിട്ടി. 1992–93-ൽ 466,555 കേസുകളിൽ 18,826 കേസുകൾ തീർപ്പാക്കി. അതുവഴി 136·79 ലക്ഷം രൂപ ലഭിച്ചു. 1993–94-ൽ 450,350 കേസുകളിൽ 62,291 കേസുകൾ തീർപ്പാക്കി. അതിൽനിന്നും 145 ലക്ഷം രൂപ ലഭിച്ചു.

ശ്രീ. വി. വി. രാഘവൻ: ഇതൊക്കെ കടലിലെ തുള്ളിവെള്ളം പോലെയാണ്. ഇപ്പോൾ നടക്കുന്നത് കോടിക്കണക്കിന് രൂപയുടെ ഇടപാടുകളാണ്. ഇതിന്റെയൊക്കെ ശരിക്കുള്ള വിലയുടെ ഒരു ശതമാനം പോലും രേഖകളിൽ കാണിക്കുന്നില്ല. ഇവരെയൊക്കെ സംബന്ധിച്ചി ടത്തോളം വളരെ ഉദാരമായ ഒരു സമീപനമാണ് ഇവിടെ കൈക്കൊണ്ടു വരുന്നത്. ചില കേസുകളെങ്കിലും മാതൃകാപരമായി കണ്ടുപിടിച്ച് അതിൽ കർശനമായ നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീമതി എം. ടി. പത്മ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അണ്ടർവാല്യുവേഷൻ കേസുകളിൽ ഇപ്പോൾ സബ് രജിസ്ട്രാർ നിശ്ചയിക്കുന്ന വിലയനുസരിച്ചാണ് വില തീരുമാനി ക്കുന്നത്. അങ്ങനെ വരുമ്പോൾ അണ്ടർ വാല്യുവേഷൻ കർശനമായി തീരു മാനിക്കാൻ സാധിക്കുന്നില്ല. 1988-ൽ കഴിഞ്ഞ ഗവൺമെന്റ് ഓരോ ജില്ല യുടേയും ഓരോ പ്രദേശത്തിന്റെയും മിനിമം വാല്യു തീരുമാനിക്കുന്ന തിനുവേണ്ടി നടപടി എടുത്തെങ്കിലും ഷോർട്ട് പീരീഡ് ആയതു കൊണ്ടാകണം അത് സ്വീകാര്യമായില്ല. അതിനുശേഷം 1994-ലെ കേരള ഫിനാൻസ് ആക്ടിലെ 28 (എ) പ്രകാരം ഫിക്സേഷൻ ഓഫ് വാല്യു ഓഫ് ലാൻഡിന് വേണ്ടി ആർ. ഡി. ഒ.-മാരെ ചുമതലപ്പെടുത്തി. ആർ ഡി.ഒ.-മാർ ഫെയർവാല്യു ഫിക്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഫെബ്രുവരി മാസംതന്നെ ഫിക്സ് ചെയ്തു വിവരം അറിയിക്കണ മെന്നാണ് പറഞ്ഞിരുന്നത്. ചില ജില്ലകളിൽ വാല്യു ഫിക്സ് ചെയ്തു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഫെയർവാല്യു ഫിക്സേഷൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം മാത്രമേ ഇതിനെ ആസ്പദമാക്കി അണ്ടർവാല്യൂവേഷൻ കൃത്യമായി നടത്താൻ സാധിക്കുകയുള്ളൂ. അണ്ടർവാല്യൂവേഷന് ഇപ്പോഴത്തെ കൃത്യമായ ബേസ് ഇല്ലാത്തതുകൊണ്ടും അൽപ്പം അപാകതയുണ്ട്. ആർ. ഡി. ഒ.-മാരിൽ നിന്നു ഫെയർവാല്യൂ ഫിക്സ് ചെയ്തു കിട്ടിയാൽ ആ അപാകത മിക്കവാറും പരിഹരിക്കുന്നതിന് സാധിക്കും.

ശ്രീ. കെ. ഇ. ഇസ്മയിൽ: കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 397,422 അണ്ടർവാല്യൂവേഷൻ കേസുകളും കണ്ടുപിടിച്ചു എന്നുപറഞ്ഞു. ശാസ്ത്രീയമായി അണ്ടർവാല്യൂവേഷൻ നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? എത്ര സമയംകൊണ്ട് അണ്ടർവാല്യൂവേഷൻ നടപടികളും ഫലപ്രദമായി പൂർത്തിയാക്കാൻ സാധിക്കും?

ശ്രീമതി എം. ടി. പത്മ: അണ്ടർവാല്യൂവേഷൻ കേസ് ധാരാളം പെൻഡിംഗ് ഉണ്ട്. അത് പെട്ടെന്ന് തീർക്കാൻ സഹായകമായ വിധത്തിൽ നിയമത്തിൽ അമെൻറ്മെൻറ് വരുത്തുന്നതിന് പ്രപ്പോസൽ തരുന്നതിന് ഐ. ജി. ആർ.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അണ്ടർവാല്യൂവേഷൻ കേസുകളുടെ എണ്ണം കൂടുതലായതുകൊണ്ടാണ് ഇത്തരത്തിലൊരു പ്രപ്പോസൽ തരുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഞാൻ പറഞ്ഞത്, 2 വർഷത്തിനിടയിൽ 397,422 കേസുകളും കണ്ടുപിടിക്കാനായതാണ് അണ്ടർവാല്യൂവേഷൻ ഫലപ്രദമല്ലാത്തതുകൊണ്ടാണ്. അതുകൊണ്ടീ ഫലപ്രദമായ രീതിയിലുള്ള പുതിയ സംവിധാനം എത്രനാളുകൊണ്ടുള്ളിൽ നടപ്പിലാക്കാൻ കഴിയും. അതിനെ സംബന്ധിച്ച് എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ?

ശ്രീമതി എം. ടി. പത്മ: ഫെയർവാല്യൂ ഫിക്സ് ചെയ്തു കഴിഞ്ഞാൽ അണ്ടർവാല്യൂവേഷൻ തടയാൻ സാധിക്കും. ഫെയർവാല്യൂ ഫിക്സ് ചെയ്തുകൊണ്ടുള്ള എല്ലാ ജില്ലകളിലേയും ഫൈനൽ ലിസ്റ്റ് ഫെബ്രുവരി അവസാനത്തോടുകൂടി തരണമെന്ന് ആർ. ഡി. ഒ.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാസർകോട് ജില്ലയിലെ ലിസ്റ്റ് ഫൈനലൈസ് ചെയ്തു എന്നാണ് എനിക്ക് വിവരം കിട്ടിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഫിക്സേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ആ ഫെയർവാല്യൂ ഫിക്സ് ചെയ്തുകഴിഞ്ഞാൽ മാത്രമേ അണ്ടർവാല്യൂവേഷൻ തടയാൻ സാധിക്കൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ: റിയൽ എസ്റ്റേറ്റ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏറ്റവും വലിയ ഒരു വ്യവസായമാണ്. ഒരു നയാപൈസ മുതൽമുടക്കില്ലാതെ റിയൽ എസ്റ്റേറ്റ് നടത്തുന്ന ആളുകൾ ഇന്ന് നമ്മുടെ നാട്ടിൽ കോടീശ്വരൻമാരാണ്. പട്ടണപ്രദേശങ്ങളിലൊക്കെ ഒരു സെൻറിന് 5 ലക്ഷവും 10 ലക്ഷവുമൊക്കെയാണ് വില. മാർക്കറ്റ് വാല്യുവിനെ സംബന്ധിച്ച് കൃത്യമായ ഒരു നിർവ്വചനമില്ലാത്തതുകൊണ്ട് സംസ്ഥാനത്തിന് കിട്ടേണ്ട കോടിക്കണക്കിന് ഉറുപ്പിക പല വഴികളിലേക്കും ഒഴുകുകയാണ്. അതുകൊണ്ട് ഒരു നിശ്ചിത സമയത്തിനുള്ളിൽ ജില്ലകളിലെ വസ്തുവിന്റെ വാല്യുവേഷൻ പൂർത്തിയാക്കി ഇതിന്റെ അശാസ്ത്രീയത പരിഹരിക്കണം. ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകേണ്ട കാര്യമില്ല. റിയൽ എസ്റ്റേറ്റ് ഏജൻറുമാർക്ക് കിട്ടുന്ന കമ്മീഷൻപോലും യഥാർത്ഥ രജിസ്ട്രേഷനിൽ കാണുന്നില്ല. ജില്ലാ രജിസ്ട്രാർമാർക്ക് അണ്ടർവാല്യൂവേഷൻ നിയമപ്രകാരം നടപടി എടുക്കാമെന്നു പറയുന്നുണ്ട്. നേരിട്ട് പരാതി ലഭിക്കാതെ എത്ര കേസുകളിൽ രജിസ്ട്രാർമാർ നടപടി എടുത്തു എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. ടി. പത്മ: ഫെയർവാല്യു ഫിക്സേഷന് ചില കണ്ടീഷൻസ് പറയുന്നുണ്ട്. ആക്ടറ് പ്രകാരംതന്നെ പറയുന്നത്, The Revenue Divisional Officer shall, in fixing the fair value of the land under sub-section (1) have regard inter alia to the following matters, namely: —

(a) development of the area in which the land is situated such as the commercial importance, facilities for water supply, electricity, transport and communication;

(b) proximity of the land to markets, bus stands, railway stations, factories, educational institutions or other institutions;

(c) the geographical lie of the land, the nature of the land such as dry, waste, wet or garden land, fertility, nature of crop, yielding capacity and cost of cultivation and, such other matters..... ഈ കാര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഫെയർവാല്യു ഫിക്സ് ചെയ്യുന്നത്. സുവോ മോട്ടോ കേസിന്റെ കാര്യം ചോദിച്ചു. ഡിസ്ട്രിക്ടറ് രജിസ്ട്രാറോ ജില്ലാ കളക്ടറോ ആണ് സുവോ മോട്ടോ കേസുകൾ എടുക്കുന്നത്.

ശ്രീ. എ. പത്മകുമാർ: അണ്ടർവാല്യുവേഷൻ തടയാനുള്ള നടപടി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെക്കൊണ്ടുമാത്രം കഴിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതിന് കഴിയത്തക്കരീതിയിൽ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് മിനിമം വാല്യു നിശ്ചയിച്ച്, അതിന്റെ അടിസ്ഥാനത്തിൽ വസ്തു കൈമാറ്റം ചെയ്യുമ്പോൾ സ്റ്റാമ്പിന്റെ വില ഈടാക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇപ്പോൾ അതിനുള്ള യാതൊരു നടപടിയുമില്ല. രജിസ്ട്രാർമാർ തീരുമാനിക്കുന്നതനുസരിച്ച് നോട്ടീസ് അയയ്ക്കുന്നത് അശാസ്ത്രീയമായ സമീപനമാണ്. അത് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ; സർക്കാരുമായി ബന്ധപ്പെട്ട ഹൗസിംഗ് ബോർഡ് സ്ഥലം എടുക്കുമ്പോൾ ആ സ്ഥലത്തിന് വില കൂടുതലാകും. അതിന് തൊട്ടടുത്തുള്ള സ്ഥലങ്ങൾക്ക് വില കുറവായിരിക്കും. ഹൗസിംഗ്ബോർഡ് പോലെയുള്ള സ്ഥാപനങ്ങൾ സ്ഥലമെടുക്കുമ്പോൾ സ്വാഭാവികമായി സ്റ്റാമ്പ് ഡ്യൂട്ടി കൂടുതൽ കിട്ടുമെങ്കിലും അത് പൊതുജനാവിന് ദോഷമാണ് വരുത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി എം. ടി. പത്മ: ഹൗസിംഗ് ബോർഡിനെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സ്ഥലത്തിന് ഫെയർവാല്യു നിശ്ചയിക്കാത്തിടത്തോളംകാലം ഈ വ്യത്യാസം നിലനിൽക്കും. ഫെയർവാല്യു ഫിക്സ് ചെയ്യുന്നതിന് കഴിഞ്ഞമാസം വരെ സമയം കൊടുത്തിരുന്നുവെങ്കിലും കുറച്ചുസമയം കൂടി ആവശ്യമായിവരും. ഏപ്രിൽമാസം അവസാനിക്കുന്നതിനുമുമ്പ് തീർച്ചയായും ഫെയർവാല്യു ഫിക്സ് ചെയ്യാൻ സാധിക്കും.

ശ്രീ. ഇ. പി. ജയരാജൻ: നമ്മുടെ സംസ്ഥാനത്ത് വസ്തു കൈമാറ്റത്തിൽ അണ്ടർ വാല്യുവേഷൻ നടപടി വേണ്ടിവരുന്നത് ഗവൺമെന്റ് വസ്തുവില നിശ്ചയിച്ചിട്ടുള്ളതിലെ പോരായ്മമൂലമാണ്. അതുകൊണ്ട് ഇത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തി കേരളത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയും

LIBRARY ARCHIVES Kerala Legislative Assembly

അതനുസരിച്ചുള്ള പ്രത്യേകതകളും കണക്കിലെടുത്ത് വസ്തുവിന് നിശ്ചിത വില നിശ്ചയിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീമതി എം. ടി. പത്മ: അങ്ങ് സൂചിപ്പിച്ചിട്ടുള്ള പ്രയാസം തിരുത്തുന്നതിനുവേണ്ടിയാണ് ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നത്. കഴിഞ്ഞ ഗവൺമെൻറ് വില നിശ്ചയിച്ചിരുന്നുവെങ്കിലും അത് അപ്രായോഗികമെന്ന പരാതി വന്നതിൻെറ അടിസ്ഥാനത്തിലാണ് അത് മാറ്റിവച്ചിരുന്നത്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകിയതുമൂലം മത്സ്യ തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ട്

*4 [91] ശ്രീ. പി. രാഘവൻ:
,, വി. ജെ. തങ്കപ്പൻ:
,, ബി. രാഘവൻ:
,, ടി. ചാത്തു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് ലൈസൻസ് നൽകിയതുമൂലം മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാത്ത അവസരങ്ങളിൽ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ 1994-95, 1995-96 വർഷങ്ങളിൽ എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ആവശ്യത്തിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ 1994-95, 1995-96 എന്നീ വർഷങ്ങളിൽ എന്തു തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി പത്മ):

(എ) ഇല്ല.

(ബി) 'എ'-യിലെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly